പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361 — 20-9 2007-ൽ മറുപടിക്ക്

സംസ്ഥാനത്തെ അറവുശാലകളും മാലിന്യ നിർമ്മാർജ്ജനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ കെ.അജിത് | ഡോ: റ്റി. എം. തോമസ് ഐസക്<br>ബഹു.ധനകാര്യ വകുപ്പു മന്ത്രി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രിക്ക് വേണ്ടി) |
| എ) സംസ്ഥാനത്ത് എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ-ശുചീകരണ-മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളോടുകൂടിയ അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് നിലവിലുള്ള 44 അറവ് ശാലകളിൽ 12 എണ്ണം ശാസ്ത്രീയമായി സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളവയാണ്. |
| ബി) മാനദണ്ഡങ്ങൾക്കനുസൃതമല്ലാതെ അറവുശാലകൾ നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ കഴിഞ്ഞ ഒരു വർഷം സ്വീകരിച്ച നിയമ നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ; | ബി) മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത 29 അറവുശാലകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടൽ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനധികൃത ഇറച്ചിവിൽപ്പന നടത്തുന്ന ഇറച്ചി വിൽപ്പന ശാലകൾ കണ്ടുപിടിച്ച് അവയുടെ ലൈസൻസ് റദ്ദാക്കാൻ നടപടിയെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടച്ചിട്ടിരിക്കുന്ന അറവ്ശാലകൾ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതിന് ശേഷം മാത്രമെ പ്രവർത്തിക്കാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള അറവുശാലകളിലെ മാലിന്യനിർമ്മാർജ്ജനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പരിശോധിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതി തയ്യാറാക്കു |

ന്നതിനായി ഒരു 4 അംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സ.ഉ.(സാധ)നം.1179/07/തസ്വഭവ. തീയതി, 11-4-2007)

| | | | |
|---|---|---|---|
| സി | അറവുശാലകളും പൗൾട്രി സ്റ്റാളുകളും പൊതു സ്ഥലങ്ങളിലും പുഴകൾ, നീർച്ചാലുകൾ എന്നിവിടങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ഫലപ്രദമായ നിയമസംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി | ഉണ്ട്. 1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ 335-ാം വകുപ്പ് പ്രകാരവും പഞ്ചായത്ത് ആക്ടിലെ 219(എ) പ്രകാരവും മൃഗശവങ്ങളും, ചവറും മാലിന്യവും യുക്തമല്ലാത്ത രീതിയിൽ കയ്യൊഴിക്കുന്നത് നിരോധിച്ചിട്ടുണ്ട്. മുനിസിപ്പൽ ആക്ടിലെ 455-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ അറവ്ശാലകളോ ലൈസൻസുള്ള അറവ്ശാലകളോ ഒഴികെയുള്ള സ്ഥലങ്ങളിൽവച്ച് മൃഗങ്ങളെ ഭക്ഷണാവശ്യത്തിനായി കൊല്ലുന്നത് നിരോധിച്ചിട്ടുണ്ട്. മാലിന്യ നിക്ഷേപകേന്ദ്രങ്ങളിലല്ലാതെ പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219(എസ്സ്) വകുപ്പുകൾ പ്രകാരവും, 1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ 340(2)-ാം വകുപ്പ് പ്രകാരവും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരേയൊ, നിക്ഷേപിക്കുവാൻ കാരണമാകുന്നവരേയോ അപ്പോൾ തന്നെ 250 രൂപ വരെ പിഴ ഈടാക്കുവാൻ വ്യവസ്ഥയുണ്ട്.<br><br>വഴിയോരങ്ങളിലും ഓടകളിലും പുഴകളിലും തോടുകളിലും മാംസാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും നിക്ഷേപിക്കുന്നത് തടയുന്നത് സംബന്ധിച്ച് നടപടികൾ |

സ്വീകരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (സർക്കുലർ നം.3268/ജി3/04/തസ്വഭവ). മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് പ്രകാരം നഗരങ്ങളിലും പട്ടണങ്ങളിലും ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ട ചുമതല അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ പൊതുസ്ഥലങ്ങളിലും, ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവർക്ക് തക്ക ശിക്ഷ നൽകുവാനുള്ള വ്യവസ്ഥ ഇപ്പോഴുള്ള നിയമങ്ങളിലില്ല. എന്നാൽ അതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റിലും, മുനിസിപ്പാലിറ്റീസ് ആക്റ്റിലും ഉചിതമായ ഭേദഗതിവരുത്തുന്നകാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 362 | 20.09.2007 ൽ മറുപടിക്ക് |
|---|---|

## കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് ആക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുന്നതു സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്.വാര്യർ ആയുർവേദ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിന് കോളേജിൽ ചുരുങ്ങിയത് 7 പി.ജി.കോഴ്സുകൾ എങ്കിലും തുടങ്ങേണ്ടതുണ്ട്. 2 പി.ജി.കോഴ്സുകൾ നിലവിലുണ്ട്. പുതിയ 3 പി.ജി.കോഴ്സുകൾ കൂടി തുടങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ ശുപാർശയോടെ അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ അധികാരികൾ ഇവിടെ വന്ന് പ്രാരംഭ പരിശോധനകൾ നടത്തിയിട്ടുണ്ട്. കോഴ്സ് തുടങ്ങാൻ ഉടൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയി കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ഈ സ്ഥാപനത്തിനായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ് ലഭിച്ചത്; എന്നാണ് ലഭിച്ചത് ; | (ബി) | ഈ സ്ഥാപനത്തെ ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുന്നതിന് വേണ്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കാൻ സെൻട്രൽ അസിസ്റ്റൻസായി 2005-06 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും ഒരു കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക 7.11.2006 ൽ സ്ഥാപനത്തിന് ലഭിച്ചു |

| | | | |
|---|---|---|---|
| (സി) | ഏതെങ്കിലും പുതിയ കോഴ്സുകൾ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ; | (സി) | ഉണ്ട്. പഞ്ചകർമ്മ, ദ്രവ്യഗുണ, സ്വസ്ഥവൃത്ത എന്നീ 3 പുതിയ പി.ജി.കോഴ്സുകൾ തുടങ്ങുന്നതിന് യൂണിവേഴ്സിറ്റിയുടെയും സംസ്ഥാന സർക്കാരിന്റേയും അനുമതി ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ അനുവാദം ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഈ അധ്യയന വർഷം മുതൽ (2007-08) ഏകവൽസര സർട്ടിഫിക്കറ്റ് കോഴ്സുകളായ ആയുർവേദ നഴ്സിംഗ്, ആയുർവേദ മാസ്സിയർ, ആയുർവേദ ഫാർമസി എന്നീ കോഴ്സുകൾ നടത്താൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | കേന്ദ്രത്തിൽ നിന്ന് ഇനിയും ഏതൊക്കെ സഹായങ്ങൾക്കാണ് ആവശ്യം ഉന്നയിച്ചിട്ടുള്ളത് ? | (ഡി) | പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന 3 ബിരുദാനന്തര ബിരുദ കോഴ്സുകളുടെ നടത്തിപ്പിനായി ഒരുകോടി രൂപയുടെ ധനസഹായത്തിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. നിലവിലുള്ള അഗദതന്ത്ര പി.ജി.വിദ്യാർത്ഥികൾക്കു 2005, 2006, 2007 വർഷങ്ങളിലേയ്ക്കുള്ള സ്റ്റൈപ്പന്റ് ഗ്രാന്റിനുള്ള അപേക്ഷയും കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.363 — 20.09.2007 -ൽ മറുപടിക്ക്

### ദരിദ്ര വിഭാഗത്തിൽപ്പെട്ടവരുടെ വീടുനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. കെ.വി.തോമസ് :<br>ശ്രീ. എ.പി.അനിൽകുമാർ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: | ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ മന്ത്രി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രിക്കു വേണ്ടി) |
| (എ) ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കു സർക്കാർ സഹായത്തോടുകൂടി വീടു നിർമ്മിക്കുന്ന കാര്യത്തിൽ എന്തെങ്കിലും പുതിയ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) നഗരപ്രദേശങ്ങളിലെ ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളായ സംയോജിത ഭവന നിർമ്മാണ ചേരി വികസന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് (സാ.ധ) നം. 2991/2006/തസ്വഭവ തീയതി 23-11-2006 പ്രകാരവും, ബെയ്സിക് സർവ്വീസസ് ഫോർ അർബൻ പൂവർ (ബി.എസ്.യു.പി) പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് (സാ.ധാ) 2052/2007/തസ്വഭവ തീയതി 30.07.2007 പ്രകാരവും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) സർക്കാർ സഹായത്തോടുകൂടി നിർമ്മിക്കുന്ന വീടുകളുടെ വിസ്തീർണ്ണം നാനൂറ് ചതുരശ്ര അടിയിൽ കൂടരുതെന്ന് നിലവിലുള്ള സർക്കാരിന്റെ കാലത്ത് നിഷ്കർഷിച്ചിട്ടുണ്ടോ ; | (ബി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വീടുകളുടെ വിസ്തീർണ്ണം 30 ച.മീ കുറയാനോ 60 ച.മീ. കൂടാനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട് |

GOVERNMENT OF KERALA

| | | | |
|---|---|---|---|
| (സി) | നാന്നൂറു ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടിന് എത്ര വിസ്തീർണ്ണമുള്ള അടുക്കള,കിടപ്പുമുറി,വരാന്ത,സിറ്റൗട്ട് എന്നിവ ഉണ്ടായിരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) | ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി പദ്ധതികൾ പ്രകാരം രണ്ടു മുറിയും അടുക്കളയും, ടോയ്‌ലറ്റും ഉൾപ്പെട്ട രീതിയിലാണ് വീട് നിർമ്മിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. പ്രത്യേകം പ്രത്യേകമായി മുറികളുടെ വിസ്തീർണ്ണം നിശ്ചയിച്ചിട്ടില്ല. |
| (ഡി) | ദരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വയ്ക്കുന്ന വീടുകൾക്ക് ഇത്ര ചുരുങ്ങിയ വിസ്തീർണ്ണം നിർണ്ണയിക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ? | (ഡി) | അനുവദിച്ച വീടുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് തറ വിസ്തീർണ്ണം നിശ്ചയിച്ചിട്ടുള്ളത്. കൂടിയ തറ വിസ്തീർണ്ണം ഉള്ള വീടുകൾ തുടങ്ങുകയും സർക്കാർ അനുവദിക്കുന്ന സാമ്പത്തിക സഹായം ഉപയോഗിച്ച് പ്രസ്തുത വീടുകൾ പണി തീർക്കാനാവാത്ത അവസ്ഥ ഉണ്ടാവുന്നത് ഒഴിവാക്കാനാണ് വീടുകൾക്ക് തറ വിസ്തീർണ്ണംനിശ്ചയിച്ചിട്ടുള്ളത്.എന്നാൽ വീടുകളുടെ വിപുലീകരണം പിന്നീട് യഥേഷ്ടം വരുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.264 — 20.09.2007 -ൽ മറുപടിക്ക്

## കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. രാഘവൻ :<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി :<br>ശ്രീ. ജോർജ് എം.തോമസ് :<br>ശ്രീ. എം.കെ.പുരുഷോത്തമൻ :<br>ശ്രീമതി കെ.എസ്. സലീഖ | ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ മന്ത്രി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രിക്കു വേണ്ടി) |
| (എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നൂതന സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള കുടുംബശ്രീ തൊഴിൽ സംരംഭങ്ങളിലെ ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി യൂണിറ്റുകൾക്ക് പൊതുവായ ഉൽപാദന-വിതരണ നടപടിക്രമങ്ങൾ ഏർപ്പെടുത്തുന്നതിനും, സമാന സ്വഭാവമുള്ള ഉൽപന്നങ്ങളെ കണ്ടെത്തി സംരംഭങ്ങളെ നെറ്റ് വർക്ക് ചെയ്യുന്നതിനും, ഉൽപന്നങ്ങളുടെ വിപണനത്തിന് തദ്ദേശ ഭരണ സ്ഥാപനതലത്തിൽ മാർക്കറ്റ് സെന്ററുകൾ ആരംഭിക്കുന്നതിനും, ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാന ദേശീയ തലങ്ങളിൽ സംഘടിപ്പിക്കപ്പെടാറുള്ള വിവിധ വിപണനമേളകളിലെ കുടുംബശ്രീ ഉൽപന്നങ്ങൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനും, വിൽപന നടത്തുന്നതിനുമായി ഉപയോഗപ്പെടുത്തിവരുന്നു. |
| (ബി) കുടുംബശ്രീ ഉല്പന്നങ്ങൾ ഉൾപ്പെടുത്തി ജില്ലാ ആസ്ഥാനങ്ങളിലും മറ്റു പ്രമുഖ പട്ടണങ്ങളിലും നിശ്ചിത തീയതികളിൽ മാസചന്തകൾ ആരംഭിക്കുമോ ; | (ബി) കുടുംബശ്രീ സംരംഭകരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട പ്രാദേശിക വിപണി ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും മാസച്ചന്തകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2007 ഒക്ടോബർമാസം മുതൽ ഇവ സംസ്ഥാനം പ്രവർത്തന സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

G/120/? RBC ND (011-27467500) F-518

| | |
|---|---|
| (സി) കുടുംബശ്രീ യൂണിറ്റുകൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ? | (സി) കുടുംബശ്രീ യൂണിറ്റുകൾക്ക് വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് റൂറൽ മൈക്രോ എന്റർപ്രൈസ് സ്കീം, യുവശ്രീ എന്നീ പദ്ധതികളിലൂടെയാണ് സബ്സിഡി നൽകിവരുന്നത്. കൂടാതെ കുടുംബശ്രീ സംരംഭകർക്ക് അവരുടെ തൊഴിൽ വിജയകരമായി നടത്തുന്നതിനാവശ്യമായ വൈദഗ്ധ്യപരിശീലനവും കുടുംബശ്രീ ലഭ്യമാക്കിവരുന്നുണ്ട്. ഇതിനു പുറമേ നൂതനമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം സംരംഭങ്ങൾ ആരംഭിക്കുമ്പോൾ സംരംഭകർ അഭിമുഖീകരിക്കേണ്ടിവരുന്ന റിസ്കും, മൂലധനനിക്ഷേപത്തിന്റെ തോതും ലഘൂകരിക്കുന്നതിനായി ഇന്നൊവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട് എന്നിവ നൽകാറുണ്ട്. കൂടാതെ പ്രവർത്തനമാരംഭിച്ച യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി റിവോൾവിംഗ്ഫണ്ടും നൽകിവരുന്നു. പാട്ടകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് ഉൽപാദനക്ഷമതയ്ക്ക് ആനുപാതികമായി സബ്സിഡി/ ഇൻസെന്റീവ് നൽകിവരുന്നു. കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപന്നങ്ങൾക്ക് വിപുലമായ തോതിൽ വിപണികൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികളും, ആവിഷ്കരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

301203 RBC. ND (011-27463500) F-518

26971

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 365

20.9.2007-ൽ മറുപടിക്ക്

## വഖഫ് ബോർഡിലെ അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ :<br>ശ്രീ. പി.എം.എ. സലാം : | | ഡോ.ടി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പുമന്ത്രി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കു വേണ്ടി) | |
| എ) | വഖഫ് ബോർഡിലെ അഴിമതികളെക്കുറിച്ച് അന്വേഷിക്കുവാൻ ഉത്തരവായിട്ടുണ്ടോ ; | എ) & ബി) | ഉണ്ട്. മുൻ ജില്ലാ ജഡ്ജി ശ്രീ.എം.എ.നിസ്സാറിനെ എൻക്വയറി കമ്മീഷണറായിട്ടും ശ്രീ.അബൂബക്കർ ചെങ്ങാട്ടിനെ മെമ്പർ സെക്രട്ടറിയായിട്ടും നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) | എങ്കിൽ ആരെയാണ് അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ; | | |
| സി) | ഇക്കാര്യത്തെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ? | സി) | 14/9/07-ൽ എൻക്വയറി കമ്മീഷണറും മെമ്പർ സെക്രട്ടറിയും ചാർജ്ജ് ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 366 20.09.2007 ൽ മറുപടിക്ക്

## ജലചൂഷണവും ജലമോഷണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ,<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ,<br>ശ്രീ. എം.എം.മോനായി,<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ശ്രീ.രാജു എബ്രഹാം | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലചൂഷണവും ജലമോഷണവും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) ജലചൂഷണം, ജലമോഷണം എന്നിവ കണ്ടെത്തുന്നതിനും അവയെ ഫലപ്രദമായി തടയുന്നതിനുമായി 'ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്' എന്ന നാമത്തിൽ പ്രത്യേക ദൗത്യസംഘങ്ങൾ തിരുവനന്തപുരം, കൊച്ചി മേഖലകളിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അതോറിറ്റിയുടെ ഡിവിഷൻ, സബ് ഡിവിഷൻ തലങ്ങളിൽ പ്രത്യേക സ്ക്വാഡുകളും ഇതിനായി പ്രവർത്തിക്കുന്നുണ്ട്. ജലമോഷണം, ചൂഷണം എന്നിവ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കുറ്റക്കാരിൽനിന്നും അനധികൃത ഉപയോഗത്തിന്റെ തോത് അനുമാനിച്ച് അതിന്റെ അടിസ്ഥാനത്തിൽ അധിക ഉപയോഗത്തിന് വാട്ടർ ചാർജ്ജും കേരളാ വാട്ടർ സപ്ലൈ ആന്റ് സീവറേജ് ആക്റ്റും റെഗുലേഷനും അനുശാസിക്കും പ്രകാരം പിഴയും ഈടാക്കിവരുന്നു.<br>അമിതമായ ഭൂജല ചൂഷണം തടയുന്നതിന് ഉദ്ദേശിച്ചിട്ടുള്ള നിയമമാണ് കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) നിയമം 2002. ഈ ആക്റ്റിലെ വകുപ്പ് 9 അനുസരിച്ച് കേരളത്തിലെ എല്ലാ ഉപഭോക്താക്കളും 2008 ഫെബ്രുവരി രണ്ടിനു മുമ്പ് കേരളാ ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 1.5 എച്ച്. പി യോ അതിൽ താഴെയോ കുതിരശക്തിയുള്ള പമ്പുകൾ ഘടിപ്പിച്ച തുറന്ന കിണറുകളുടെയും 3 എച്ച്. പി. യോ അതിൽ താഴെയോ കുതിരശക്തിയുള്ള പമ്പുകൾ ഘടിപ്പിച്ച കുഴൽക്കിണറുകളുടെയും ഉടമസ്ഥർ രജിസ്റ്റർ ചെയ്യേണ്ടതില്ല. രജിസ്ട്രേഷൻ നൽകുന്ന സമയത്ത് ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ അതോറിറ്റിക്ക് അധികാരമുണ്ട്.<br>അമിതമായ ഭൂജലചൂഷണം ചെയ്യുന്ന പ്രദേശങ്ങളിലെ ചൂഷണം നിയന്ത്രിക്കാൻ അത്തരം പ്രദേശങ്ങളെ |

| | |
|---|---|
| | വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാരിനെ ഉപദേശിക്കാൻ കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) ആക്റ്റ് 2002 പ്രകാരം കേരള ഭൂജല അതോറിറ്റിക്ക് അധികാരമുണ്ട്. |
| ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷം എത്ര പേർക്കെതിരേ നടപടി സ്വീകരിച്ചു; | ബി) ഇതുമായി ബന്ധപ്പെട്ട് കേരളാ വാട്ടർ അതോറിറ്റി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 333 പേർക്കെതിരേ കണക്ഷൻ വിച്ഛേദിക്കുകയും ഫൈൻ ഉൾപ്പെടെ വാട്ടർ ചാർജ്ജ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പ് ഒരാൾക്കെതിരേ ജലചൂഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) ജലദുരുപയോഗം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; | സി) ഉണ്ട്. ജലം ദുരുപയോഗം ചെയ്യുന്നവരുടെ വാട്ടർ കണക്ഷൻ വിച്ഛേദിക്കുവാനും പിഴ ഈടാക്കുവാനും നിയമ വ്യവസ്ഥ നിലവിലുണ്ട്. ഭൂജല വകുപ്പിന്റെ രജിസ്ട്രേഷൻ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരേ പിഴ ഈടാക്കൽ , കിണർ നശിപ്പിക്കൽ, പമ്പുകൾ പിടിച്ചെടുക്കുക എന്നിവയ്ക്ക് ഭൂജല അതോറിറ്റിക്ക് അധികാരമുണ്ട്. |
| ഡി) ജലചൂഷണവും ജലമോഷണവും ജലദുരുപയോഗവും തടയുന്നതിന് നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | ഡി) ജലചൂഷണം, മോഷണം, ദുരുപയോഗം എന്നിവ നടത്തുന്ന കുറ്റക്കാർക്കെതിരേ 10000/— രൂപ മുതൽ 50000/— രൂപ വരെ പിഴ ഈടാക്കുവാനും കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ ജയിൽശിക്ഷ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാനും വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് ആക്റ്റ് ഭേദഗതി വരുത്തുവാനുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 367 20.09.2007 ൽ മറുപടിക്ക് |
|---|

## മെഡിക്കൽ കോളേജുകളിലെ അത്യാധുനിക ചികിത്സോപകരണ സംവിധാനങ്ങളുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | മെഡിക്കൽ കോളേജുകളിൽ അത്യാധുനിക ചികിത്സോപകരണ സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെഡിക്കൽ കോളേജുകളിൽ അവശ്യം വേണ്ട അത്യാധുനിക ചികിത്സോപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ വർഷം ഈ ഇനത്തിൽ എന്തു തുക ചെലവാക്കി; കേന്ദ്രവിഹിതമായി എന്തു തുക ലഭിച്ചു എന്ന് അറിയിക്കുമോ ? | (ബി) 2006-07 വർഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഉപകരണങ്ങൾ വാങ്ങാൻ 15.38 കോടി രൂപ ചെലവഴിച്ചു. കേന്ദ്രവിഹിതമായി ഉപകരണങ്ങൾ വാങ്ങാൻ ലഭിച്ചത് 5.70 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ.

## 2006-07 സാമ്പത്തികവർഷത്തിൽ വാങ്ങിയ യന്ത്രോപകരണങ്ങൾ

## മെഡിക്കൽ കോളേജ്, തിരുവനന്തപുരം

| സ്ഥാപനം | യന്ത്രോപകരണം | വില |
|---|---|---|
| സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (ട്രോമ കെയർ സെന്റർ) | മെഡിക്കൽ ഗ്യാസ് | 18,98,500 |
| മെഡിക്കൽകോളേജ് ആശുപത്രി | ഇൻസിനറേറ്റർ | 17,85,000 |
| കമ്മ്യൂണിറ്റി മെഡിസിൻ | ആട്ടോക്ലേവ് (2 എണ്ണം) | 16,40,000 |
| ന്യൂറോ സർജറി | എലക്ട്രോ ഹൈഡ്രോളിക് ഓപ്പറേഷൻ ടേബിൾ | 17,[illegible],000 |
| | എൻഡോസ്കോപ്പിക് സ്പൈൻ സർജറി | 13,00,000 |
| | ഹൈഡ്രജൻ പെറോക്സൈഡ് ഗ്യാസ് പ്ലാസ്മ | 20,00,000 |
| റേഡിയോ ഡയഗ്നോസ്റ്റിക് | അൾട്രാസൗണ്ട് സ്കാനർ | 15,00,000 |
| ന്യൂറോ സർജറി | ഇൻട്രാ ഓപ്പറേഷൻ മോണിട്ടറിംഗ് സിസ്റ്റം | 39,37,500 |
| | | 1,58,42,000 |

## മെഡിക്കൽ കോളേജ്, കോഴിക്കോട്

| സ്ഥാപനം | യന്ത്രോപകരണം | വില |
|---|---|---|
| റേഡിയോതെറാപ്പി വകുപ്പ് | സിമുലേറ്റർ | 1,50,00,000 |
| മെഡിക്കൽകോളേജ് ആശുപത്രി | വെന്റിലേറ്റർ (6 എണ്ണം) | 29,40,000 |
| സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് | മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ | 91,50,000 |
| റേഡിയോളജി | ഡിജിറ്റൽ സബ്സ്ട്രാക്ഷൻ ആൻജിയോഗ്രാഫി | 56,13,350 |
| നെഫ്രോളജി വകുപ്പ് | ഡയാലിസിസ് മെഷീൻ (5 എണ്ണം) | 27,85,000 |
| ഗാസ്ട്രോ എൻട്രോളജി സിസ്റ്റം | കാപ്സ്യൂൾ എൻഡോസ്കോപ്പി സിസ്റ്റം | 14,53,920 |
| ഫിസിക്കൽ മെഡിസിൻ | യൂറോഡൈനാമിക് സിസ്റ്റം | 22,00,000 |
| യൂറോളജി | റേഡിയോ ലൂസന്റ് ടേബിൾ | 15,00,000 |
| മെഡിക്കൽകോളേജ് ആശുപത്രി | വെന്റിലേറ്റർ (4 എണ്ണം) | 23,52,000 |
| ന്യൂറോസർജറി | ട്രാൻസ്കാനിയൻ ബ്ലാഡർ സിസ്റ്റം | 11,19,375 |
| | കവിട്രോൺ അൾട്രാസോണിക് സർജിക്കൽ ആസ്പിറേറ്റർ | 15,95,000 |
| | ലെക്സെൽ സ്റ്റീരിയോ ടാക്റ്റിൽ സിസ്റ്റം | 47,48,000 |
| | ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പി | 38,00,000 |
| | എം.ആർ. സ്കാനിംഗ് മെഷീൻ | 5.29 കോടി |

## മെഡിക്കൽ കോളേജ്, ആലപ്പുഴ

| സ്ഥാപനം | യന്ത്രോപകരണം | വില |
|---|---|---|
| മെഡിക്കൽകോളേജ് ആശുപത്രി | വെന്റിലേറ്റർ (1 എണ്ണം) | 18,00,000 |
| കാർഡിയോളജി | എക്കോകാർഡിയോഗ്രാഫി സിസ്റ്റം | 35,00,000 |
| | | |

## മെഡിക്കൽ കോളേജ്, തൃശ്ശൂർ

| സ്ഥാപനം | യന്ത്രോപകരണം | വില |
|---|---|---|
| മെഡിക്കൽകോളേജ് ആശുപത്രി | വെന്റിലേറ്റർ (5 എണ്ണം) | 29,40,000 |
| റേഡിയോ ഡയഗ്നോസിസ് | കളർഡോപ്ലർ അൾട്രാസൗണ്ട് സ്കാനർ | 21,90,000 |
| റേഡിയോ തെറാപ്പി | എച്ച്.ഡി.ആർ. റിമോട്ട് കൺട്രോൾ ലോഡിംഗ് സിസ്റ്റം | 1,20,00,000 |
| റേഡിയോ ഡയഗ്നോസ്റ്റിക് | സി. റ്റി. സ്കാൻ | 1,98,00,000 |

## മെഡിക്കൽ കോളേജ്, കോട്ടയം

| സ്ഥാപനം | യന്ത്രോപകരണം | വില |
|---|---|---|
| ട്രോമാകെയർ സെന്റർ | വെന്റിലേറ്റർ (2 എണ്ണം) | 11,76,000 |
| | | |

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 368 | 20.09.2007 ൽ മറുപടിക്ക് |
|---|---|

## താലൂക്ക് ആശുപത്രികളുടേയും പ്രൈമറി ഹെൽത്ത് സെന്ററുകളുടേയും വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി.രാമൻ<br>ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) താലൂക്ക് ആശുപത്രികളുടേയും പ്രൈമറി ഹെൽത്ത് സെന്ററുകളുടേയും വികസനം നടപ്പിലാക്കി കൂടുതൽ ആളുകൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടി എന്ന് ആരംഭിക്കും ?

(എ) യും (ബി) യും

താലൂക്ക് ആശുപത്രികളുടെയും, പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും വികസനത്തിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി വിവിധ നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊണ്ടുവരുന്നു. ഈ സാമ്പത്തിക വർഷം (2007-08) പദ്ധതി യിനത്തിൽ 50 ലക്ഷം രൂപ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി നീക്കിവെച്ചിട്ടുണ്ട്. അതത് ഗ്രാമപഞ്ചായത്ത്, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി എന്നിവയെ ഏകോപിപ്പിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ ആശുപത്രികൾ എന്നിവ ഉൾപ്പെടെ 140 സ്ഥാപനങ്ങൾ എം.ജി.പി.യിൽ ഉൾപ്പെടുത്തുകയും, അവയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷം മുതൽ നടന്നുവരികയും ചെയ്യുന്നു. ഈ വർഷം 4 കോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള അടിസ്ഥാന സൗകര്യ വികസന

പ്രവർത്തനങ്ങൾക്ക് 9 തീര ദേശ ജില്ലകളിലെ 66 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 11.80 കോടി രൂപയുടെയും, 19 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് 8.4 കോടി രൂപയുടെയും, 18 താലൂക്ക് ആശുപത്രികൾക്ക് 24.30 കോടി രൂപയുടെയും, പ്രോജക്ടുകൾക്ക് പ്രാഥമികാംഗീകാരം ലഭ്യമായിട്ടുണ്ട്. 2007-08 ലെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, താലൂക്ക് ആശുപത്രികളും കൂടുതൽ മെച്ചപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

പ്രപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്കും, നിലവിലുള്ള സാമ്പത്തിക സ്ഥിതി വിലയിരുത്തി, അതിനു വിധേയമായും, കിടക്കകൾ കുറവുള്ള താലൂക്ക് ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, നാഷണൽ ഹൈവേ, എം.സി.റോഡ് എന്നിവക്കടുത്തുള്ള മേജർ ആശുപത്രികളിൽ കാഷ്വാലിറ്റി തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ജില്ലാ / താലൂക്ക് ആശുപത്രികളിലെ സൗകര്യങ്ങളുടെ പരിഷ്ക്കരണത്തിനും, ക്രമീകരിക്കലിനും, ഒഴിവുകൾ നികത്തുന്നതിനുമായി 100 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. താലൂക്ക്-ജില്ലാ ആശുപത്രികളിലും മറ്റു പ്രസവശുശ്രൂഷാ ആശുപത്രികളിലും തീവ്രപരിചരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനും, വാർഷിക അറ്റകുറ്റപ്പണികൾക്കും , കൂടാതെ ബയോമെഡിക്കൽ വേയ്സ്റ്റ് മാനേജ്മെന്റിനുമായി 20 ലക്ഷം രൂപ ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 369 | 20.9.2007-ൽ മറുപടിക്ക്

വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളെക്കുറിച്ച് പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. എം. ഹംസ :<br>ശ്രീ. എം. ജെ. ജേക്കബ് :<br>ശ്രീ. കെ. സി. രാജഗോപാലൻ :<br>ശ്രീ. എ. എം. യൂസഫ് : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) രൂക്ഷമായ വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളെക്കുറിച്ചും വെള്ളപ്പൊക്കത്തിന്റെ ഉത്ഭവം, വ്യാപ്തി എന്നിവയെ സംബന്ധിച്ചും നദീതടം അടിസ്ഥാനത്തിൽ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;<br><br>(ബി) ഏതെല്ലാം നദീതടങ്ങളെ അടിസ്ഥാനമാക്കിയാണ് പഠനം നടത്തിയത് ; | (എ&ബി)<br>ഉണ്ട്. സംസ്ഥാനത്തെ നെയ്യാർ, പമ്പ, അച്ചൻകോവിൽ എന്നീ മൂന്നു നദീതടങ്ങളുടെ നദീതട ഡിജിറ്റൽ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള പഠനം കേരളാ സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്റർ ജല വിഭവ വകുപ്പിന്റെ സഹകരണത്തോടു കൂടി നടത്തിയിട്ടുണ്ട്. |
| (സി) ഇതിന്റെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പ്രതിരോധപ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വെള്ളപ്പൊക്കം അനുഭവപ്പെടുന്ന എല്ലാ പ്രദേശങ്ങളെക്കുറിച്ചും പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) ഇതിനു വേണ്ട പ്രതിരോധപ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

[signature]
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.370

20.09.2007-ൽ മറുപടിയ്ക്ക്.

## തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ.കെ.ബാബു:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ: | | ഡോ:റ്റി.എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി)<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രിക്ക് വേണ്ടി) |
| എ. തൊഴിലുറപ്പു പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്ത് എത്ര പേർക്ക് ലഭിക്കുന്നുണ്ട്; | (എ) | വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രയോജനം 1,66,924 പേർക്ക് ലഭിച്ചിട്ടുണ്ട്. |
| ബി. ഈ പദ്ധതി ഏർപ്പെടുത്തിയിട്ടുള്ള ജില്ലകളിൽ പദ്ധതിയുടെ പ്രയോജനത്തെപ്പറ്റി വിപുലമായ പരസ്യവും പ്രസിദ്ധീകരണവും നൽകിയിട്ടുണ്ടോ; എങ്കിൽ ഏതുപ്രകാരമാണെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രചരണത്തിനായി പ്രത്യേക മാദ്ധ്യമ പ്രചരണ പരിപാടികൾ, തെരുവ് നാടകം, പ്രചരണ നോട്ടീസ്, കലാജാഥകൾ, ചുവരെഴുത്തുകൾ, ഭവന സന്ദർശനം, വാൾപോസ്റ്ററുകൾ, പത്രക്കുറിപ്പുകൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. |
| സി. ബോധവൽക്കരണത്തിന്റെ അഭാവം മൂലം ഈ പദ്ധതിയിൽ ചേരുന്നതിന് അപേക്ഷകർ കുറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി. ഈ പദ്ധതിയെപ്പറ്റി ആവശ്യമായ ബോധവൽക്കരണം നടത്തുമോ? | (ഡി) | തുടർച്ചയായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 371 — 20.09.2007 ൽ മറുപടിക്ക്

ഭരണനവീകരണ പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.പി.ടി.എ.റഹിം | | ഡോ:റ്റി.എം.തോമസ് ഐസക്<br>(ധനകാര്യ മന്ത്രി)<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രിക്കു വേണ്ടി) |
| (എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി 102 പഞ്ചായത്തുകളിലും 19 നഗരസഭകളിലും സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സേവന പ്രദാന പദ്ധതിയും (സർവ്വീസ് ഡലിവറി പ്രോജക്ട്) ഭരണ നിർവ്വഹണത്തിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പൊതു ഉദ്യമങ്ങളും (ജനറൽ ഇനിഷ്യേറ്റീവ്) ആണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) പദ്ധതി മൂലം ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | നടപ്പിലാക്കിയ സ്ഥലങ്ങളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; എത്ര തുകയാണ് പദ്ധതിയ്ക്കായി ഈ വർഷം അനുവദിച്ചിട്ടുള്ളത്? | (ഡി) | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക വഴി ജീവനക്കാരുടെ ആഫീസ് പ്രവർത്തനത്തിലുള്ള ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുകയും അവരുടെ കാര്യക്ഷമത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലന പരിപാടികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ഭരണ സംവിധാനം കാര്യക്ഷമമാക്കുവാൻ വേണ്ടി മാനേജ്മെൻറ് മാന്വൽ തയ്യാറാക്കുക, പുതിയ അക്കൗണ്ടിംഗ് മാന്വലും ബഡ്ജറ്റ് മാന്വലും തയ്യാറാക്കുക, പൗരാവകാശ രേഖ തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്ത് വകുപ്പു മുഖേന നടപ്പിലാക്കുന്ന ഭരണ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനായി നടപ്പു വർഷം 85,13,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണ നവീകരണ പദ്ധതി 19 നഗര സഭകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ഇനങ്ങളിലായി 5,26,50,616/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും 2005-06, 2006-07 വർഷങ്ങളിലായി 4,89,66,006/- രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. 10 നഗരസഭകളിലൊഴികെ മറ്റു നഗര സഭകൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 10 നഗര സഭകളിലെ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 56,14,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 372 20.09.2007 ൽ മറുപടിക്ക് |
|---|

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സാ സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് എം.തോമസ്:<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) പകർച്ച വ്യാധികളും മറ്റും പടരുന്ന സാഹചര്യത്തിൽ അവയെ പ്രതിരോധിക്കാനും മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും കഴിയുംവിധം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുമോ ;

**(എ) യും (ബി) യും**

ഈ സാമ്പത്തിക വർഷം (2007-08 ) പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. അതാത് ഗ്രാമപഞ്ചായത്തുകൾ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ഏകോപിത പ്രവർത്തനത്തിലൂടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ 140 സ്ഥാപനങ്ങൾ എം.ജി.പി. യിൽ ഉൾപ്പെടുത്തുകയും, അവയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കിവരികയും ചെയ്യുന്നു. കൂടാതെ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 9 തീരദേശ ജില്ലകളിലെ 66 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി 12 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കായി 600 ലക്ഷം രൂപ നല്കുന്നതിന് പദ്ധതി രേഖ അംഗീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ, എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും വാർഷിക മെയിൻറനൻസ് ഗ്രാൻറായി 50,000/- രൂപയും അൺടൈഡ് ഫണ്ടായി 25,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളില്ലാത്ത 19 പഞ്ചായത്തുകളിൽ പുതിയ പ്രാഥമികാ രോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുവാനും 43 ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താനുമുള്ള നടപടികളെടുത്തുവരുന്നുണ്ട്.<br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് നിയമനങ്ങൾ ദ്രുതഗതിയിലാക്കുകയും, നിർബന്ധിത ഗ്രാമീണ സേവനത്തിന് സ്നേഹിതൻ / സ്നേഹിത ഡോക്ടർമാരെ ഗ്രാമീണ ആരോഗ്യ മിഷൻ നിയമിക്കുകയുണ്ടായി. കൂടാതെ എൻ.ആർ.എച്ച്.എം. വഴി ഡോക്ടർമാരെയും, മറ്റ് ജീവനക്കാരെയും നിലവിലുള്ള തസ്തികകൾക്ക് പുറമെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (സി) | ഓരോ ജില്ലയിൽ നിന്നും ലഭിക്കുന്ന വാർഷിക ആവശ്യകതാ പട്ടിക അനുസരിച്ച് മരുന്നും അനുബന്ധ സാമഗ്രികളും യഥാകാലം വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ, ലോക്കൽ പർച്ചേസ് വഴിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ് വഴിയും മരുന്നു വാങ്ങി ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ള സബ്സെന്ററുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സബ് സെന്ററുകളുടെയും നിലവാരം ഉയർത്തുവാനുദ്ദേശിക്കുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകൾക്ക് പുതിയ കട്ടിടം നിർമ്മിച്ച് അവിടേക്ക് മാറ്റുന്നതിനായി തുക എൻ.ആർ.എച്ച്.എം.പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ, എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങൾക്കും 10,000/-രൂപ വീതം അൺടൈഡ് ഫണ്ട് ലഭ്യമാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373 20-9-2007-ൽ മറുപടിക്ക്

തിരുവനന്തപുരത്തെ ചേരിപ്രദേശങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ് മേഴ്സിയർ<br>ശ്രീ.എൻ.ശക്തൻ | ഡോ. റി. എം. തോമസ് ഐസക്<br>ബഹു.ധനകാര്യ വകുപ്പു മന്ത്രി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രിക്ക് വേണ്ടി) |
| എ കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം നഗരത്തിലെ ഏതെല്ലാം ചേരി പ്രദേശങ്ങളുടെ വികസനം നടത്തുവാനാണ് തീരുമാനിച്ചിരുന്നത്; | എ കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർ ലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷന്റെ (ജെ.എൻ.എൻ.യു.ആർ.എം) ഉപപദ്ധതിയായ ബേസിക് സർവ്വീസസ് ഫോർ അർബൻ പുവർ (ബി.എസ്.യു.പി)പ്രകാരം തിരുവനന്തപുരം നഗരത്തിലെ രണ്ട് സെന്റ് കോളനി, രാജീവ് നഗർ കോളനി, കണ്ണമ്മൂല ബണ്ട് കോളനി, കരിമഠം കോളനി എന്നിവയുടെയും, പുത്തൻകുളം റീ സെറ്റിൽമെന്റ് കോളനിയുടെയും വികസനം നടത്തുവാനുള്ള പ്രോജക്റ്റുകൾക്കാണ് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. |
| ബി ഇവയുടെ വികസനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | ബി പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയും പദ്ധതി രണ്ട് വർഷത്തിനകം പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 374

20.09.2007-ൽ മറുപടിക്ക്

## പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.പി. മോഹനൻ<br>ശ്രീ. എം.കെ. പ്രേംനാഥ് | **ശ്രീ. മാത്യു ടി. തോമസ്**<br>(ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | |
| --- | --- |
| (എ) ഈ വർഷം സർക്കാർ പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിച്ചിരുന്നോ ; ഉണ്ടെങ്കിൽ എത്ര പുസ്തകങ്ങൾ അച്ചടിച്ചിരുന്നു എന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ ;<br><br>(ബി) പുസ്തകങ്ങൾ കൃത്യസമയത്ത് അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സാധിച്ചില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ ? | (എ) യും (ബി) യും 2007 - 2008 അദ്ധ്യയന വർഷം സർക്കാർ പ്രസ്സുകളിൽ 15,73,350 പാഠപുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത പുസ്തകങ്ങൾ അച്ചടിച്ചു ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2007-08-ൽ സർക്കാർ പ്രസ്സുകളിൽ അച്ചടിച്ച 8-ാം ക്ലാസ്സിലെ പാഠ പുസ്തകങ്ങളുടെ വിശദവിവരങ്ങൾ

| ക്രമ നമ്പർ | പാഠപുസ്തകം | കോപ്പികളുടെ എണ്ണം |
|---|---|---|
| 1. | കേരള പാഠാവലി | 1,92,420 |
| 2. | നാടകമേള | 3,33,720 |
| 3. | സോഷ്യൽ സയൻസ് (മലയാളം) | 2,46,820 |
| 4. | ഗണിതശാസ്ത്രം (മലയാളം) | 2,12,660 |
| 5. | ബ്യൂട്ടി ആന്റ് ദി ബീസ്റ്റ് | 3,53,700 |
| 6. | കന്നഡ റീഡർ | 3,000 |
| 7. | കന്നഡ സപ്ലിമെന്ററി റീഡർ | 3,000 |
| 8. | സോഷ്യൽ സയൻസ് (കന്നഡ) | 2,900 |
| 9. | ഗണിതശാസ്ത്രം (കന്നഡ) | 2,860 |
| 10. | അറബിക് റീഡർ | 41,900 |
| 11. | സംസ്കൃതം റീഡർ | 22,610 |
| 12. | ഗണിതശാസ്ത്രം (ഇംഗ്ലീഷ്) | 41,590 |
| 13. | സോഷ്യൽ സയൻസ് (ഇംഗ്ലീഷ്) | 40,470 |
| 14. | മലയാളം റീഡർ | 50,000 |
| 15. | സോഷ്യൽ സയൻസ് (ഇംഗ്ലീഷ്) | 8,500 |
| 16. | അറബിക് റീഡർ | 10,000 |
| 17. | ഗണിതശാസ്ത്രം (ഇംഗ്ലീഷ്) | 7,200 |
| | ആകെ | 15,73,350 |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 375 20. 09.2007-ൽ മറുപടിയ്ക്ക്

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി . ശശികുമാർ<br>ശ്രീ. എസ് രാജേന്ദ്രൻ<br>ശ്രീ. മുരളി പെരുനെല്ലി | ഡോ.ടി.എം. തോമസ് ഐസക്<br>ധനകാര്യവകുപ്പ് മന്ത്രി<br>(തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രിക്ക് വേണ്ടി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (ബ്ലോക്ക് ഒഴികെ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രമായി മൂന്നാം ധനകാര്യ കമ്മീഷൻ അനുശാസിക്കുന്ന പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ തുക കൈമാറിയിട്ടുണ്ട്. റോഡ് വികസനത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി.വിഹിതം വിനിയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്.പതിനൊന്നാം പദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കണക്കിവിററി പ്ലാനിൽ അടിസ്ഥാന സൗകര്യവികസനത്തിനുള്ള തുകയുടെ 15ശതമാനം നിലവിലുള്ള റോഡുകളുടെ അററകുറ്റപ്പണികൾക്ക് വേണ്ടിയുള്ളതായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ |

സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആർ.ഐ.ഡി.എഫ് വിഹിതം ഉപയോഗിച്ച് റോഡ് പണികൾ ഏറ്റെടുക്കാവുന്നതുമാണ്.

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റോഡുകൾ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ വർഷം എത്ര തുക കേന്ദ്രസഹായം ലഭിച്ചു;

(ബി) & (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. എന്നാൽ റോഡ് വികസനത്തിന് പി.എം.ജി.എസ്.വൈ പ്രകാരം കഴിഞ്ഞ വർഷം പതിനഞ്ച് കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

(ഡി) തദ്ദേശസ്ഥാപനങ്ങളിലെ റോഡുകൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചു;

(ഡി) മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ അനുശാസിച്ച പ്രകാരം 2006-07 വർഷം 13896.22 ലക്ഷംരൂപ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിലെ റോഡ് സംരക്ഷിക്കുന്നതിനായി 2007-08 സാമ്പത്തിക വർഷം 110,50,37,000 രൂപ വകയിരുത്തിയിട്ടുണ്ട്. 12.04.2006-ലെ ജി.ഒ. (പി) 177/2006/ഫിൻ. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് ബഡ്ജറ്റ് വിഹിതം 10 തുല്യ ഗഡുക്കളായി അനുവദിക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്. 5 ഗഡുക്കളായി 8/2007 വരെ ആകെ 55,25,18,500 രൂപ വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഇ) ഗ്രാമീണ റോഡുകൾ പലതും മതിയായ ഫണ്ട് ഇല്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്തപ്പെടാതെ ഗതാഗതയോഗ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) ഉണ്ട്. |
| (എഫ്) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപണികൾക്കും വികസനത്തിനും കൂടുതൽ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്). പതിനൊന്നാം പദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കണക്ടിവിറ്റി പ്ലാനിൽ അടിസ്ഥാന സൗകര്യവികസനത്തിനുള്ള തുകയുടെ 15ശതമാനം നിലവിലുള്ള റോഡുകളുടെ അററകുറ്റ പ്പണികൾക്ക് വേണ്ടിയുള്ളതായിരിക്കു മെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആർ.ഐ.ഡി.എഫ് വിഹിതം ഉപയോഗിച്ച് റോഡ് പണികൾ ഏറ്റെടുക്കാവുന്നതുമാണ്. പതിനൊന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതിനായി 14/05/2007-ലെ ജി.ഒ.(എം.എസ്) നമ്പർ. 128/2007/തസ്വഭവ ഉത്തരവിലെ മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിലെ പശ്ചാത്തല മേഖലയിൽ നിന്നും റോഡുകളുടെ വികസനത്തിനായി തുക വകയിരുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.376 — 20.09.2007-ൽ മറുപടിയ്ക്ക്.

## പഞ്ചായത്തുകളിൽ നിന്നുള്ള സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ.കെ.കെ.ഷാജു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>ധനകാര്യ വകുപ്പ് മന്ത്രി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രിക്ക് വേണ്ടി ) |
| (എ) പഞ്ചായത്തുകളിൽ വിവിധ ആവശ്യങ്ങൾക്ക് എത്തുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ ഉടൻതന്നെ ലഭിക്കത്തക്ക രീതിയിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു സദ്ഭരണ നിർവ്വഹണ പദ്ധതി തയ്യാറാക്കണമെന്ന് 11-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) എല്ലാ പഞ്ചായത്ത് ഓഫീസുകളും കമ്പ്യൂട്ടറൈസ് ചെയ്ത് ഇത്തരത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ അടിയന്തിരമായി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) എല്ലാ ഗ്രാമപഞ്ചായത്താഫീസുകളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 430 ഗ്രാമപഞ്ചായത്തുകൾക്ക് ഇൻഫർമേഷൻ കേരള മിഷൻ മുഖേന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകിക്കഴിഞ്ഞു. ബാക്കി പഞ്ചായത്തുകൾക്ക് ഉപകരണങ്ങൾ നേരിട്ടു വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

അതിന് അനുസരണമായി നടപ്പുവർഷം തന്നെ പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ കുറെക്കൂടി കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നൽകുന്നതിന് നടപടി ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസനഫണ്ട് മേയ് മുതൽ ഫെബ്രുവരി വരെ ഉള്ള മാസങ്ങളിലായി പത്തു തുല്യ തവണകളായിട്ടാണ് നൽകി വരുന്നത്. നടപ്പുവർഷം നാല് ഗഡുക്കൾ ഇതിനകം നൽകിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 377 — 20.09.2007 ൽ മറുപടിക്ക്

## അരുവിക്കരയിൽ ബോട്ടിലിംഗ് പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്,<br>ശ്രീ. വി.ജെ.തങ്കപ്പൻ,<br>ശ്രീ.എ.പ്രദീപ് കുമാർ,<br>ശ്രീ.സി.എം.ദിനേശ് മണി,<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

എ) അരുവിക്കരയിൽ ബോട്ടിലിംഗ് പ്ലാന്റ് ആരംഭിക്കുന്നതിനായി വാട്ടർ അതോറിറ്റി ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സെന്ററുകളിൽ ഓരോ കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാനുള്ള പ്രോജക്റ്റ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്ത് അരുവിക്കരയിൽ കുപ്പിവെള്ളം നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയതിനു ശേഷം മറ്റു സെന്ററുകളിൽ യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ റിപ്പോർട്ട് കിറ്റ്കോയ്ക്ക് വിശദമായ പരിശോധനയ്ക്ക് നൽകുകയുണ്ടായി. കിറ്റ്കോ തയ്യാറാക്കിയ അപ്രൈസൽ റിപ്പോർട്ട് വാട്ടർ അതോറിറ്റിയുടെ 6.9.2007 ലെ ബോർഡ് മീറ്റിംഗിൽ വയ്ക്കുകയുണ്ടായി. 2007—08 ന്റെ കേരള വാട്ടർ അതോറിറ്റി ബജറ്റിൽ അഞ്ചു ലക്ഷത്തിന്റെ ടോക്കൺ പ്രൊവിഷൻ ഈ സംരംഭം ഏറ്റെടുക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കുപ്പിവെള്ള ബോട്ടിലിംഗ് പ്ലാന്റ് അരുവിക്കരയിൽ സ്ഥാപിക്കുന്നതിനായി 285 ലക്ഷത്തിന്റെ എസ്റ്റിമേറ്റഡ് പ്രോജക്റ്റ് കോസ്റ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനുള്ള നടപടി വാട്ടർ അതോറിറ്റി എടുത്തു വരുന്നു.

| | |
|---|---|
| ബി) മിനറൽ വാട്ടറിനെ സംബന്ധിച്ച ആവശ്യമായ പരസ്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ; | ബി) കുപ്പിവെള്ള വിതരണം ആരംഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പരസ്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. |
| സി) കൊച്ചി, കോഴിക്കോട് നഗരങ്ങളിലും യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | സി) ആദ്യഘട്ടത്തിൽ തിരുവനന്തപുരത്ത് അരുവിക്കരയിൽ കുപ്പിവെള്ളം നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയതിനു ശേഷം മറ്റു സെന്ററുകളിൽ യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### ആറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.378 | 20.09.2007 ൽ മറുപടിയ്ക്ക് |
|---|---|

### പാരാമെഡിക്കൽ രംഗത്ത് വിദഗ്ധപരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പാരാമെഡിക്കൽ രംഗത്ത് വിദഗ്ധ പരിശീലനം ലഭിച്ചവരുടെ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കൂടുതൽ പാരാമെഡിക്കൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) കൂടുതൽ പാരാമെഡിക്കൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) സ്വകാര്യ മേഖലയിലെ പാരാമെഡിക്കൽ പരിശീലനം പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ? | (സി) സർക്കാർ അംഗീകൃത സ്വാശ്രയ മേഖലയിലെ പാരാമെഡിക്കൽ പരിശീലനം പരിശോധിക്കുവാൻ സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-379 — 20-09-2007-ൽ മറുപടി നൽകേണ്ടത്

### കെട്ടിട നികുതി പരിഷ്ക്കരണം

**ചോദ്യം**

ശ്രീ. കെ.സി.ജോസഫ്
ശ്രീ. എ.പി.അനിൽകുമാർ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**

ഡോ.റ്റി.എം.തോമസ് ഐസക്
(ധനകാര്യ വകുപ്പ് മന്ത്രി)
തദ്ദേശസ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രിയ്ക്കുവേണ്ടി

(എ) കെട്ടിട നികുതി പരിഷ്ക്കരണ ഉത്തരവിൽ ഒട്ടേറെ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പ്രാബല്യമാക്കുന്ന തീയതി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) & (ബി) അപാകതകൾശ്രദ്ധയിൽപ്പെട്ടിട്ടില്ല.
1.4.1993-ൽ നിലവിൽ വന്ന വസ്തു നികുതിയാണ് സംസ്ഥാനത്ത് ഇപ്പോഴുള്ളത്. കെട്ടിടത്തിന്റെ വാർഷിക വാടകമൂല്യം കണക്കാക്കി അതിന്റെ ഒരു നിശ്ചിത ശതമാനമാണ് നികുതിയായി കണക്കാക്കിയിരുന്നത്. നിയമപരമായ മാർഗ്ഗ രേഖകളില്ലാത്തതിനാൽ ഈ രീതി ഏറ്റക്കുറച്ചിലുകൾക്കും പരാതികൾക്കുംഇടയാക്കിയിരുന്നു. കെട്ടിട നികുതി നിർണ്ണയിക്കുന്ന ഉദ്യോഗസ്ഥന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക മൂല്യം കണക്കാക്കി വരുന്നത്. കെട്ടിട നികുതി (വസ്തു നികുതി) നിർണ്ണയം അഴിമതി രഹിതവും സുതാര്യവും ശാസ്ത്രീയവുമാക്കുവാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് പുതിയ മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ സർക്കാർ ഉത്തരവ്. ഒന്നാം ധനകാര്യ കമ്മീഷന്റെയും സെൻ കമ്മിറ്റിയുടെയും ശുപാർശ പ്രകാരം 1999-ലെ മുനിസിപ്പൽ/പഞ്ചായത്ത് നിയമങ്ങളിൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുകരം പുതുക്കണമെന്ന് ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നികുതി പരിഷ്ക്കരിച്ചതെന്ന് പറയപ്പെടുന്നു. [illegible] നാളിതുവരെ ആക്ഷേപം വന്നിട്ടില്ല.

| | |
|---|---|
| (സി) സാമ്പത്തിക വർഷത്തിന്റെ പകുതി പിന്നിട്ട അവസരത്തിൽ ഇക്കാര്യത്തിൽ യാതൊരു മുന്നൊരുക്കവും നടത്താതെ മുന്നോട്ടുപോകാനാണോ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വസ്തു നികുതി പരിഷ്കരിച്ച് കൊണ്ട് 23.6.2007 തീയതിലെ ജി.ഒ.(എം.എസ്)നമ്പർ.166/2007/തസ്വഭവ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അസോസിയേഷനുമായിട്ടും മുനിസിപ്പൽ ചെയർമാൻ ചേമ്പറുമായിട്ടും, കേരളത്തിലെ എല്ലാ മേയർമാരുമായിട്ടും 2 തവണ വിശദമായ ചർച്ച നടത്തി ഏക അഭിപ്രായത്തോടെയാണ് ഈ നികുതി പരിഷ്കാര നിർദ്ദേശങ്ങൾക്ക് രൂപം നൽകിയത്. വസ്തു നികുതി പരിഷ്കാരത്തിനുള്ള ഈ പുതിയ സമ്പ്രദായം പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുവാനും പൊതുജനങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച ശേഷം 2007 ഏപ്രിൽ ഒന്ന് മുതൽക്കുള്ള പ്രാബല്യത്തോടെ നടപ്പിൽ വരുത്തുന്നതിനാണ് തീരുമാനിച്ചത്. 1.4.1998 മുതൽ വസ്തു നികുതി പരിഷ്കരിക്കേണ്ടതായിരുന്നു. 1999 മുതൽ വസ്തു നികുതി പുതുക്കൽ നടപ്പാക്കൽ നടപടികൾ ആരംഭിച്ചതാണ്. എന്നാൽ വിവിധകാരണങ്ങളാൽ നികുതി പുതുക്കൽ നടപ്പാക്കാൻ കഴിഞ്ഞില്ല. പുതിയ നികുതി പരിഷ്കരണം പ്രാബല്യമാക്കുന്ന തീയതി മാറ്റുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. |

Geetha

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 380     20-09-2007 ൽ മറുപടിയ്ക്ക്.

## കേരംസിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. കെ.ടി. അബ്ദുൾ ഖാദർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എ.സി. മൊയ്തീൻ | ഡോ: റ്റി.എം. തോമസ് ഐസക്<br>ധനകാര്യ മന്ത്രി.<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് വേണ്ടി) |
| എ) കേരള റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്)-യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | എ) കേരള റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>(എ) സംയോജിത ഗ്രാമവികസന പരിപാടിയുടെ ഗുണഭോക്താക്കൾ ഗ്രാമീണ കൈത്തൊഴിലുകാർ, മഹിളാസമാജങ്ങൾ, സന്നദ്ധസംഘടനകൾ, സ്വയംസഹായസംഘങ്ങൾ എന്നിവരുൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വിപണനത്തിന് സഹായിക്കുക.<br>(ബി) വിപണന മേളകൾ, വില്പന ശാലകൾ തുടങ്ങിയവ സംഘടിപ്പിച്ച് മേൽപ്പറഞ്ഞ ഉൽപന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും സഹായിക്കുക.<br>(സി) കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പയും ധനസഹായവും സ്വരൂപിച്ച് വിപണന സഹായത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കുക. |

(ഡി) ഉചിതമായ സ്ഥലങ്ങളിൽ വില്പന ശാലകൾ തുറക്കുക.

ബി) കേരംഫെഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ബി) കേരംഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീയുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ ഉല്പന്നങ്ങളും കേരംഫെഡിലൂടെ വിപണനം ചെയ്യുകയും, കേരംഫെഡിൽ ലഭ്യമാകുന്ന ഉല്പാദകരുടെ ഉല്പന്നങ്ങൾ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ വിറ്റഴിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനി (കുടുംബശ്രീ) ലെ ഒരു പ്രോഗ്രാം ഓഫീസർക്ക് കേരംഫെഡിന്റെ മെമ്പർ സെക്രട്ടറിയുടെ ചുമതല നൽകിയിട്ടുണ്ട്.

കേരംഫെഡിന്റെ വില്പനശാലയായ "ഗ്രാമശ്രീ" കൂടുതൽ വിപണന സാദ്ധ്യതയുള്ളതും തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതുമായ സാഫല്യം കോംപ്ലക്സിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പും, കുടുംബശ്രീയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ പരിപാടികളിലായി രൂപീകരിക്കുന്ന സ്വയം തൊഴിൽ സംഘങ്ങളുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും, വിപണനത്തിന് സഹായിക്കുന്നതിനുമായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് "കുടുംബശ്രീ" നടപടികൾ സ്വീകരിച്ചുവരുന്നു. കേരംഫെഡിന്റെ പ്രവർത്തനവും ഇതിന്റെ ഭാഗമായി മാറ്റുന്ന കാര്യം പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (സി) | കേരഫെഡിന്റെ ശാഖകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കേരഫെഡിന്റെ സംസ്ഥാന തലത്തിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയ ശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | ഗ്രാമീണ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് കേരഫെഡ് ശ്രമിക്കുമോ ? | (ഡി) | ശ്രമിക്കുന്നുണ്ട്. കേരഫെഡ് ഉല്പാദകരിൽനിന്ന് നേരിട്ടാണ് ഉല്പന്നങ്ങൾ ശേഖരിക്കുന്നത്. മാർക്കറ്റിലെ വിലയെ അടിസ്ഥാനമാക്കി ഉല്പാദകർ തന്നെയാണ് ഉല്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതും, കേരഫെഡ് ഉല്പന്നങ്ങൾ ഉല്പാദകരിൽനിന്ന് വിപണനത്തിനായി വാങ്ങുന്നതും. |

D. Sailaja Kumari Amma

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 381** **20-09-2007 ൽ മറുപടിയ്ക്ക്.**

## ഗ്രാമ പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. എ.സി. മൊയ്തീൻ | ഡോ: റ്റി.എം. തോമസ് ഐസക്ക്<br>ധനകാര്യ മന്ത്രി.<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് വേണ്ടി) |
| എ) ഗ്രാമ പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; ഇതിനകം എത്ര ഗ്രാമ പഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട് ; | എ) സുലേഖ, സേവന, സഞ്ചിത, സൂചിക, സഞ്ചയ, സാംഖ്യ, സ്ഥാപന, സകർമ്മ, സുഭദ്ര, സംവേദിത, സാമൂഹ്യ, സചിത്ര, സാഫല്യ എന്നീ 13 സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്, തൃശ്ശൂർ ജില്ലയിലെ തളിക്കുളം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ മേൽപ്പറഞ്ഞ എല്ലാ ആപ്ലിക്കേഷനുകളും വിന്യസിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 297 ഗ്രാമ പഞ്ചായത്തുകളിൽ പഞ്ചായത്ത് അധീനതയിലുള്ള കമ്പ്യൂട്ടർ മുഖേന ജനന-മരണ, വിവാഹ രജിസ്ട്രേഷനും, സർട്ടിഫിക്കറ്റ് വിതരണവും പദ്ധതി മോണിറ്ററിങ്ങും കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. 14 ഗ്രാമപഞ്ചായത്തുകളിൽ ജനന സർട്ടിഫിക്കറ്റുകൾ അതാത് ദിവസം തന്നെ നൽകാനുള്ള ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 600 ഗ്രാമ പഞ്ചായത്തുകളിൽ |

| | | | |
|---|---|---|---|
| | | | സെർവർ നിലവാരമുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇതിനകം തന്നെ ലഭ്യമാക്കിയിട്ടുണ്ട്. 25-06-2007-ലെ G.O.(MS) No.168/2007/LSGD സർക്കാർ ഉത്തരവ് അനുസരിച്ച് 750-ഓളം ഗ്രാമ പഞ്ചായത്തുകൾക്ക് ഹാർഡ്‌വെയറുകൾ DGS&D നിരക്ക് പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതാണ്. കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ കമ്പ്യൂട്ടർ മുറി, ഫർണിച്ചർ, വൈദ്യുതീകരണം, എർത്തിംഗ് എന്നിവ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2007 ഒക്ടോബർ 30 ന് മുൻപ് ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | പഞ്ചായത്തുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരിക്കുവാനും മറ്റ് തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ; | ബി) | എല്ലാ പഞ്ചായത്തുകളെയും കമ്പ്യൂട്ടർവൽക്കരിക്കാനും അതിലൂടെ സേവനം മെച്ചപ്പെടുത്താനുമാണ് നടപടി സ്വീകരിച്ചുവരുന്നത്. പഞ്ചായത്തുകളെ ജില്ലാ സംസ്ഥാനതലങ്ങളുമായി ഐ.റ്റി മിഷന്റെ വൈഡ് ഏരിയാ നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനും ശ്രമിച്ചു വരുന്നു. |
| സി) | കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ വർഷം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | സി) | 1. എല്ലാ പഞ്ചായത്തുകളിലും ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഒന്നാം ഘട്ടം പൂർത്തീകരിക്കുക.<br>2. ഗ്രാമ പഞ്ചായത്തുകൾക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ ഗ്രാമ പഞ്ചായത്തുകൾ കംപ്യൂട്ടറുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് ഐ.കെ.എം |

ആപ്ളിക്കേഷനുകള്‍ വിന്യസിക്കുന്നതാണ്. 500 ഗ്രാമ പഞ്ചായത്തുകളിലെങ്കിലും 2007-2008-ല്‍ ആപ്ളിക്കേഷനുകള്‍ പുതുതായി വിന്യസിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തില്‍ ഐ.കെ.എം. വികസിപ്പിച്ചിട്ടുള്ള 5 ആപ്ളിക്കേഷനുകളാണ് വിന്യസിപ്പിക്കുക.

- ജനന-മരണ-വിവാഹ രജിസ്ട്രേഷന്‍ സര്‍ട്ടിഫിക്കറ്റ് വിതരണത്തിനുള്ള സേവന
- പദ്ധതി നിര്‍വ്വഹണത്തിനുള്ള സുലേഖ
- അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിനുള്ള സാംഖ്യ
- പഞ്ചായത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഇലക്ട്രോണിക് വിജ്ഞാന കോശം സഞ്ചിത
- പഞ്ചായത്ത് വെബ്സൈറ്റുകള്‍ സംവേദിത

3. ജീവനക്കാര്‍ക്കും, ജനപ്രതിനിധികള്‍ക്കും പരിശീലനം നല്‍കുക.

4. കേരളത്തിലെ മുഴുവന്‍ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടര്‍ ഡാറ്റാ ബേസ് പൂര്‍ത്തീകരിക്കുക.

5. വസ്തു നികുതി പരിഷ്ക്കരണം പൂര്‍ത്തിയാകുന്നതോടൊപ്പം മുഴുവന്‍ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വസ്തുനികുതി സംബന്ധിച്ച രേഖകള്‍ കമ്പ്യൂട്ടര്‍വല്‍ക്കരിക്കുക.

D. Sailaja Kumari Amma

സെക്ഷന്‍ ഓഫീസര്‍.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 382 | 20.09.2007 ൽ മറുപടിക്ക് |
|---|---|

## റഫറൽ ആശുപത്രികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പ്രൊഫ.സി.ഏറ്റൻ.ജയരാജ്<br>ശ്രീ.കെ.എം.മാണി<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം സർക്കാർ ആശുപത്രികളാണ് റഫറൽ ആശുപത്രികളായി നോട്ടിഫൈ ചെയ്തിട്ടുള്ളത് ; | (എ) | തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളാണ് റഫറൽ ആശുപത്രികളായി പ്രവർത്തിക്കുന്നത്. മറ്റു സർക്കാർ ആശുപത്രികളൊന്നും റഫറൽ ആശുപത്രികളായി പ്രവർത്തിക്കുന്നില്ല. |
| (ബി) | ഇനി ഏതെല്ലാം ആശുപത്രികളാണ് റഫറൽ ആശുപത്രികളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) & (സി) | കേരളത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് അനുശാസിക്കുന്ന നിലവാരത്തിലേക്ക് ഉയർത്താൻ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ നിലവാരത്തിൽ എത്തുമ്പോൾ പ്രസ്തുത ചികിത്സാ സ്ഥാപനങ്ങൾ റഫറൽ ആശുപത്രികളായി പ്രവർത്തിക്കുന്നതാണ്. ഈ നിലവാരത്തിൽ ഇവ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന റഫറൽ ആശുപത്രികളാകും. റഫറൽ ആശുപത്രിക്ക് ആവശ്യം വേണ്ട എല്ലാ സ്പെഷ്യലിസ്റ്റ് സർവീസുകളും തൻമൂലം ലഭ്യമാകുന്നതാണ്. |
| (സി) | റഫറൽ ആശുപത്രികളായി ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ? | | |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.383 — 20.09.2007-ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ടി.എൻ. പ്രതാപൻ | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>ധനകാര്യ വകുപ്പ് മന്ത്രി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രിക്ക് വേണ്ടി ) |
| (എ) ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികൾ സഹകരണ സംഘങ്ങൾക്കോ മറ്റ് സംഘങ്ങൾക്കോ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) കേരള പഞ്ചായത്തിരാജ് ആക്ട് 1994. കേരള മുൻസിപ്പാലിറ്റി ആക്ട് 1994 എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടം 11(3) പ്രകാരം പഞ്ചായത്തിന് ഉചിതമെന്ന് തോന്നുന്ന പക്ഷം ഏതൊരു പൊതുമരാമത്ത് പണിയും, സർക്കാർ അംഗീകൃതവും, സാമ്പത്തികക്ഷമതയുള്ളതും, പ്രവൃത്തി പരിചയമുള്ളതുമായ ഒരു സന്നദ്ധ സംഘടനയെയോ സ്ഥാപനത്തെയോ ഏല്പ്പിക്കാവുന്നതാണെന്ന് അനുശാസിച്ചിട്ടുണ്ട്. കോസ്റ്റ് ഫോർഡ് , നിർമ്മിതി കേന്ദ്ര, ഹാബിറ്റാറ്റ് മുതലായ സന്നദ്ധ സംഘടനകൾക്കും, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾക്കും അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ടെൻഡർ ഇല്ലാതെ യാണോ നൽകുന്നത് ; | (ബി) | അക്രഡിറ്റഡ് ഏജൻസികളെ ടെൻഡർ നിബന്ധനകളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | പുതിയതായി ആയിരത്തോളം സംഘങ്ങൾക്ക് ഗ്രാമപഞ്ചായത്ത് രജിസ്ട്രേഷൻ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | ഇത്തരം പുതിയ സംഘങ്ങൾക്ക് വർക്കുകൾ കൊടുക്കുന്നത് നിരുത്സാഹപ്പെടുത്തുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ അക്രഡിറ്റേഷൻ ആവശ്യപ്പെട്ടുകൊണ്ട് സഹകരണ സംഘങ്ങൾ / സ്ഥാപനങ്ങൾ എന്നിവ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ശുപാർശ സമർപ്പിക്കുന്നതിനായി പ്രൊഫ. ആർ. വേലായുധൻപിള്ള ചെയർമാനായി 26.04.2007-ലെ സ.ഉ.(സാധാ)നം. 1297/07/തസ്വഭവ നമ്പരായി ഒരു സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും പുതിയ സംഘങ്ങൾക്ക് പൊതുമരാമത്ത് പ്രവൃത്തികൾ നൽകുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 384 20.09.2007 ൽ മറുപടിക്ക്

## ഓപ്പറേഷൻ തീയേറ്ററുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ഓപ്പറേഷൻ തീയേറ്ററുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ)മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഓപ്പറേഷൻ തീയേറ്ററുകളിൽ ശോചനീയാവസ്ഥ നിലവിലില്ല. ആരോഗ്യ വകുപ്പിന് കീഴിലെ ആശുപത്രികളിൽ ഓപ്പറേഷൻ തീയേറ്ററുകൾക്ക് നവീകരണം ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | ബി) ആരോഗ്യ വകുപ്പിന് കീഴിലെ ആശുപത്രികളിൽ പദ്ധതിയിനത്തിൽ തുക വകയിരുത്തുന്നതിനനുസരിച്ച് ഓപ്പറേഷൻ തീയേറ്ററുകളി ലേയ്ക്ക് പുതിയഉപകരണങ്ങൾ വാങ്ങുകയും കേടു വന്നവ നന്നാക്കുകയും ചെയ്യുന്നുണ്ട്. ഓപ്പറേഷൻ തീയേറ്റർ അടക്കമുള്ള ആശുപത്രി കെട്ടിടങ്ങളുടെ നവീകരണത്തിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കാറുണ്ട്. എം.ജി.പി.യുടെ ഭാഗമായി തെരഞ്ഞെടുത്ത ആശുപത്രികളുടേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും ഓപ്പറേഷൻ തീയേറ്ററുകളുടെ തടക്കമുള്ള വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. സുനാമി റിഹാബിലിറ്റേഷൻ പ്രോജക്ടിന്റെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രി എന്നിവയടക്കം വികസന പ്രവർത്തനങ്ങൾക്കായി വിശദമായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ഭാഗമായി ഇൻഡ്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തുന്ന സി.എച്ച്.സികളിൽ ഓപ്പറേഷൻ തീയേറ്ററുകൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഹിന്ദുസ്ഥാൻ ഫ്രീ ഫാബ് എന്ന കമ്പനിയുമായി കരാറിലേർപ്പെട്ടു കഴിഞ്ഞു. |
| ഓപ്പറേഷൻ തീയേറ്ററുകൾ അണുവിമുക്തമാക്കുവാനും ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | സി) ഓപ്പറേഷൻ തീയേറ്ററുകൾ അണുവിമുക്തമാക്കുവാനും ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനും സംവിധാനമുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 385 — 20-09-2007-ൽ മറുപടി നൽകേണ്ടത്

### നഗരാസൂത്രണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. വി.ജെ.തങ്കപ്പൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.വി.എൻ.വാസവൻ | ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി)<br>തദ്ദേശസ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രിയ്ക്കുവേണ്ടി |
| (എ) നഗരാസൂത്രണ പദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) നഗരാസൂത്രണ പദ്ധതികൾ പരിഷ്കരിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ, സർക്കാർ അംഗീകരിച്ച നഗരാസൂത്രണ പദ്ധതികളുടെ മേഖലാനിയന്ത്രണങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടികൾ സർക്കാർ തലത്തിലും വകുപ്പുതലത്തിലും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ രണ്ടാംഘട്ടമെന്ന നിലയിൽ സർക്കാർ അംഗീകരിച്ച നഗരാസൂത്രണ പദ്ധതികൾ ലാൻഡ് യൂസ് പ്ലാൻ ഉൾപ്പെടെ ഭേദഗതി ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഏതെല്ലാം നഗരങ്ങളിലെ സോണിംഗ് റഗുലേഷനുകളിൽ മാറ്റം വരുത്തിയെന്ന് അറിയിക്കുമോ; | (ബി) തിരുവനന്തപുരം മാസ്റ്റർ പ്ലാൻ, കൊച്ചി സെൻട്രൽ സിറ്റിക്കുവേണ്ടിയുള്ള സ്കെച്ച് പ്ലാൻ, കോഴിക്കോട് ഡെവലപ്പ്മെന്റ് പ്ലാൻ, പുനലൂർ കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റ് പ്രദേശത്തിനുള്ള വിശദ നഗരാസൂത്രണ പദ്ധതി എന്നിവയുടെ മേഖലാ നിയന്ത്രണങ്ങൾ പരിഷ്കരിച്ച് ഇതിനകം തന്നെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, കൊല്ലം, കോട്ടയം എന്നീ നഗര പ്രദേശങ്ങൾക്കുവേണ്ടിയുള്ള ഡെവലപ്പ്മെന്റ് പ്ലാനുകളുടെ പരിഷ്കരിച്ച മേഖലാനിയന്ത്രണങ്ങളുടെ കരട് പൊതുജനാഭിപ്രായത്തിനായി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. |

| | | |
|---|---|---|
| (സി) കൂടുതലായി ഏതെല്ലാം നഗരസഭകളിലെ സോണിംഗ് റെഗുലേഷനുകളിൽ മാറ്റം വരുത്തുന്ന കാര്യമാണ് ഇപ്പോൾ പരിഗണനയിലുള്ളത്; | (സി) | തലശ്ശേരി, ഇടുക്കി, വടകര, ഗുരുവായൂർ, പാലക്കാട് മലപ്പുറം, നെയ്യാറ്റിൻകര, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഏരിയ, കോവളം-വിഴിഞ്ഞം ഏരിയ എന്നീ പ്രദേശങ്ങൾക്കുള്ള മാസ്റ്റർ/ഡെവലപ്പ്മെന്റ് പ്ലാനുകളുടെ മേഖലാനിയന്ത്രണങ്ങളാണ് തുടർന്ന് പരിഷ്കരിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |
| (ഡി) എല്ലാ അംഗീകൃത നഗരാസൂത്രണ പദ്ധതികളുടെയും ഭൂവിനിയോഗ മാപ്പുകൾ പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സർക്കാർ അംഗീകരിച്ച എല്ലാ നഗരാസൂത്രണ പദ്ധതികളുടേയും ഭൂവിനിയോഗ മാപ്പുകൾ പരിശോധിച്ച് ആവശ്യമായ രീതിയിൽ ഘട്ടം ഘട്ടമായി പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 386 — 20.09.2007 ൽ മറുപടിക്ക്

## ഗ്രാമീണ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം.എം. മോനായി | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര ഗ്രാമീണ കുടിവെള്ള പദ്ധതികളാണുള്ളത്; | (എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 920 ഗ്രാമീണ കുടിവെള്ള പദ്ധതികളും 955 സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതികളുമുണ്ട് |
| (ബി) ഇവയുടെ പൈപ്പ് ലൈനുകളും പമ്പുകളും മോട്ടോറുകളും പലയിടത്തും കേടായിട്ടുള്ളതുമൂലം ജല വിതരണത്തിന് തടസ്സമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഇവ മാറ്റി സ്ഥാപിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) പൈപ്പുലൈനുകളും, മോട്ടോറുകളും പമ്പുകളും കേടായാൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുനഃസ്ഥാപിക്കുന്നു. |
| (ഡി) ഈ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി ഈ വർഷം ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; എന്തുതുകയാണ് ഇതിന് അനുവദിച്ചിട്ടുള്ളത്? | (ഡി) കേടായ പൈപ്പുലൈനുകൾ മാറ്റുക, മോട്ടോറുകളുടേയും, പമ്പുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുക, റിപ്പയർ ചെയ്യുവാൻ സാധിക്കാത്തവ മാറ്റി പുതിയത് സ്ഥാപിക്കുക മുതലായവയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി ഈ വർഷം 100 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.387 — 20.09.2007-ൽ മറുപടിക്ക്

## റൂറൽ ഹെൽത്ത് മിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി.എസ്. സുനിൽ കുമാർ<br>ശ്രീ കെ. രാജു | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

<table>
<tr><td>എ) കേന്ദ്ര പദ്ധതിയായ റൂറൽ ഹെൽത്ത് മിഷൻ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;</td><td>എ) ഉണ്ട്. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി 2005-06 വർഷം മുതൽ കേരളത്തിൽ നടപ്പാക്കിവരുന്നു.</td></tr>
<tr><td>ബി) ഗ്രാമീണ ആരോഗ്യമേഖലയ്ക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;</td><td>ബി) ഈ പദ്ധതി പ്രധാനമായും ഗ്രാമീണ മേഖലയിലാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയിലുള്ള ഗ്രാമീണ മേഖലയ്ക്ക് മെച്ചപ്പെട്ട ആരോഗ്യ സംവിധാനവും കൂടുതൽ ആരോഗ്യ സേവനങ്ങളും ലഭ്യമാകും. ഇതിന്റെ ഭാഗമായി കേരളത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാരേയും നഴ്സുമാരേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രധാന ആരോഗ്യ സ്ഥാപനങ്ങളിൽ ഉച്ചയ്ക്കു ശേഷവും സേവനം ലഭ്യമാക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.<br>ഇതുകൂടാതെ കേരളത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ഇന്ത്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്താൻ നടപടി സ്വീകരിച്ചു. ഗ്രാമീണ മേഖലകളിൽ ആശ ആരോഗ്യ പ്രവർത്തകരെ നിയമിക്കാനും നടപടി എടുത്തുവരുന്നു.</td></tr>
<tr><td>സി) ഈ പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന ഡോക്ടർമാരുൾപ്പെടെയുള്ളവർക്കുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ഇപ്പോൾ സർവ്വീസിലുള്ളവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും ഇതുമായി വ്യത്യാസമുണ്ടോ?</td><td>സി) ഈ പദ്ധതി പ്രകാരം നിയമിക്കപ്പെടുന്നവർക്ക് ദേശീയ ഗ്രാമീണ മിഷനിൽ നിന്നും താഴെ പറയുന്ന രീതിയിൽ നിശ്ചിത ആനുകൂല്യങ്ങൾ നൽകുന്നു.
<table>
<tr><td>എം.ബി.ബി.എസ്. ഡോക്ടർക്ക്</td><td>പ്രതിമാസം 15,000 രൂപ</td></tr>
<tr><td>എം.ബി..ബി.എസ്.+5 വർഷം പ്രവൃത്തിപരിചയം</td><td>പ്രതിമാസം 20,000 രൂപ</td></tr>
<tr><td>സ്പെഷ്യലിസ്റ്റ് ഡോക്ടർ</td><td>പ്രതിമാസം 21,000 രൂപ</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| | സ്പെഷ്യലിസ്റ്റ്+5 വർഷം പ്രവൃത്തിപരിചയം | പ്രതിമാസം 25,000 രൂപ |
| | ഇപ്പോൾ സർവ്വീസിലുള്ള ഡോക്ടർമാർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളും കേരള സർക്കാരിന്റെ നിലവിലുള്ള സേവനവേതന വ്യവസ്ഥ അനുസരിച്ചാണ് നൽകുന്നത്. | |

സെക്ഷൻ ഓഫീസർ

//

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 388*  20.09.2007-ൽ മറുപടിക്ക്

## "സെൻകമ്മിറ്റി ശുപാർശകൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി. വിശ്വൻ | ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യ വകുപ്പു മന്ത്രി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രിക്കുവേണ്ടി) |
| (എ) ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സെൻ കമ്മിറ്റി നൽകിയ ശുപാർശകളിൽ ഇനി ഏതെങ്കിലും ശുപാർശ നടപ്പിലാക്കാനുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>സെൻ കമ്മിറ്റി നൽകിയ ശുപാർശകളിൽ ഇനി നടപ്പിലാക്കാനുള്ള ശുപാർശകൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) സെൻകമ്മിറ്റി ശുപാർശ പ്രകാരമുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയായിട്ടില്ല. പുനർ വിന്യാസം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇതിനകം എത്ര ജീവനക്കാരെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്;<br><br>(ഡി) ഓരോ വകുപ്പിൽ നിന്നും പുനർവിന്യസിക്കാനുള്ള ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ? | (സി) & (ഡി) 3871 ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്. ഓരോ വകുപ്പിൽനിന്നും പുനർവിന്യസിക്കാനുള്ള ഉദ്യോഗസ്ഥരുടെയും പുനർ വിന്യസിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെയും തസ്തിക തിരിച്ചുള്ള വിശദവിവരം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |

M. Radhakrishnan Nair

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

സെൻകമ്മിറ്റിയുടെ ശുപാർശകളിൽ നടപ്പാക്കാത്തവയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകൾ ഓഡിറ്റു ചെയ്യുന്നതിന് ഒരു സ്വതന്ത്ര ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കണം. ഓഡിറ്റ് കമ്മീഷൻ രൂപീകരിച്ച് പ്രവർത്തന പരിചയം നേടുന്നതുവരെ, ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയുമെങ്കിലും ഓഡിറ്റിന്റെ ചുമതല കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ ഏല്പിക്കണം. (റിപ്പോർട്ടിന്റെ വോള്യം 1 പാർട്ട് എ, ബി, ഖണ്ഡിക 2.1.7)

2. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനാൽ എല്ലാ വികസന അതോറിറ്റികളും നിർത്തലാക്കണം. (ഖണ്ഡിക 2.1.6) തിരുവനന്തപുരം, കൊച്ചി വികസന അതോറിറ്റികൾ ഇതുവരെ നിർത്തലാക്കിയിട്ടില്ല.

3. ലോക്സഭയിലും, സംസ്ഥാന നിയമസഭകളിലും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികൾ നിലവിലുള്ളതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പബ്ലിക് അക്കൗണ്ട്സ് ആന്റ് വിജിലൻസ് കമ്മിറ്റി രൂപീകരിക്കേണ്ടതും അതത് സ്ഥാപനത്തിലെ പ്രതിപക്ഷ നേതാവിനെ കമ്മിറ്റിയുടെ എക്സ്-ഒഫീഷ്യോ ചെയർമാനായി നിശ്ചയിക്കേണ്ടതുമാണ്. (ഖണ്ഡിക 2.4.2)

4. ശുദ്ധജല വിതരണ പദ്ധതികളുടെ നടത്തിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കേണ്ടതും ഇതിലേയ്ക്കായി കേരള ജല അതോറിറ്റി ആവശ്യമായ ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ കേടുപാടുകൾ തീർക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വിദ്യുച്ഛക്തി ബോർഡിലെ ജീവനക്കാരുടെമേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ അധികാരം നൽകേണ്ടതാണ്. (ഖണ്ഡികകൾ 3.16.1, 3.16.2)

5. നിയമ നിർമ്മാണത്തിനായി സംസ്ഥാന നിയമസഭയിൽ ബില്ലുകൾ അവതരിപ്പിക്കുമ്പോൾ, നിർദ്ദിഷ്ട നിയമനിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് എത്രത്തോളം ബാധകമാകും എന്നു വ്യക്തമാക്കുന്ന ഒരു മെമ്മോറാണ്ടം കൂടി അതത് ബില്ലിൽ അനുബന്ധമായി ഉൾപ്പെടുത്തണം. ഇതിനായി നിയമസഭാ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. (റിപ്പോർട്ടിന്റെ വോള്യം 2, പാർട്ട് എ, ഖണ്ഡിക 5.4)

സെക്ഷൻ ഓഫീസർ

# അനുബന്ധം-2

## സാങ്കേതിക വിഭാഗം ജീവനക്കാർ

### (എ) ജലവിഭവ വകുപ്പിൽനിന്നും പുനർ വിന്യസിക്കേണ്ടവർ

| ക്രമ നം | തസ്തിക | ആകെ പുനർ വിന്യസിക്കേണ്ടത് | ഇതുവരെ പുനർവിന്യസിച്ചത് | ബാക്കി പുനർ വിന്യസിക്കേണ്ടത് |
|---|---|---|---|---|
| 1. | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 4 | 3 | 1 |
| 2. | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 17 | 16 | 1 |
| 3. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 90 | 80 | 10 |
| 4. | അസിസ്റ്റന്റ് എഞ്ചിനീയർ | 280 | 260 | 20 |
| 5. | ഒന്നാംതരം ഓവർസിയർ | 250 | 213 | 37 |
| 6. | രണ്ടാംതരം ഓവർസിയർ | 250 | 232 | 18 |
| 7. | മൂന്നാംതരം ഓവർസിയർ | 582 | 428 | 154 |
| | ആകെ | *1473* | *1232* | *241* |

### (ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും പുനർവിന്യസിക്കേണ്ടവർ

| ക്രമ നം | തസ്തിക | ആകെ പുനർവിന്യസിക്കേണ്ടത് | ഇതുവരെ പുനർവിന്യസിച്ചത് | ബാക്കി പുനർവിന്യസിക്കേണ്ടത് |
|---|---|---|---|---|
| 1. | ചീഫ് എഞ്ചിനീയർ | 1 | 1 | - |
| 2. | അസിസ്റ്റന്റ് എഞ്ചിനീയർ | 150 | 143 | 7 |
| 3. | ഒന്നാംതരം ഓവർസിയർ | 150 | 127 | 23 |
| 4. | രണ്ടാംതരം ഓവർസിയർ | 150 | 148 | 2 |
| 5. | മൂന്നാംതരം ഓവർസിയർ | 400 | 400 | - |
| | ആകെ | 851 | 819 | 32 |

(അനുബന്ധം-2)

## മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ

### (എ) ജലവിഭവ വകുപ്പിൽനിന്നും പുനർ വിന്യസിക്കേണ്ടവർ

| ക്രമ നം | തസ്തിക | ആകെ പുനർ വിന്യസിക്കേണ്ടത് | ഇതുവരെ പുനർവിന്യസിച്ചത് | ബാക്കി പുനർ വിന്യസിക്കേണ്ടത് |
|---|---|---|---|---|
| 1. | ക്ലാർക്ക് | 380 | 69 | 311 |
| 2. | ടൈപ്പിസ്റ്റ് | 80 | 55 | 25 |
| 3. | പ്യൂൺ | 100 | 35 | 65 |
| 4. | പാർട്ട് ടൈം സ്വീപ്പർ | 85 | - | 85 |
| 5. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 | 2 | 1 |
| 6. | ഡ്രൈവർ | 67 | 9 | 58 |
| | ആകെ | 715 | 170 | 545 |

### (ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും പുനർ വിന്യസിക്കേണ്ടവർ

| ക്രമ നം | തസ്തിക | ആകെ പുനർവിന്യസിക്കേണ്ടത് | ഇതുവരെ പുനർവിന്യസിച്ചത് | ബാക്കി പുനർവിന്യസിക്കേണ്ടത് |
|---|---|---|---|---|
| 1. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | - | 1 |
| 2. | ജൂനിയർ സൂപ്രണ്ട് | 18 | 18 | - |
| 3. | ക്ലാർക്ക് | 324 | 242 | 82 |
| 4. | ടൈപ്പിസ്റ്റ് | 105 | 79 | 26 |
| 5. | പാർട്ട്ടൈം സ്വീപ്പർ | 85 | 17 | 68 |
| 6. | ഡിവിഷണൽ അക്കൗണ്ടന്റ് | 14 | 14 | - |
| 7. | പ്യൂൺ | 102 | 73 | 29 |
| | ആകെ | 649 | 443 | 206 |

(അനുബന്ധം-2)

## വിവിധ വകുപ്പുകളിൽനിന്നും ക്ലാർക്കുമാരുടെ പുനർവിന്യാസം

| വകുപ്പ് | ആകെ പുനർവിന്യസിക്കേണ്ട എണ്ണം | പുനർ വിന്യസിച്ചത് | ഇനിയും പുനർവിന്യസിക്കാനുള്ളത് |
|---|---|---|---|
| കൃഷി | 337 | 332 | 5 |
| കൃഷി (മണ്ണ് സംരക്ഷണം) | 30 | 29 | 1 |
| മൃഗസംരക്ഷണം | 48 | 48 | - |
| ക്ഷീരവികസനം | 24 | 23 | 1 |
| മത്സ്യ ബന്ധനം | 29 | 29 | - |
| വ്യവസായം | 28 | 28 | - |
| സഹകരണം | 28 | 26 | 2 |
| പൊതുമരാമത്ത് | 62 | 62 | - |
| ജലവിഭവം | 300 | 285 | 15 |
| ഗ്രാമവികസനം | 11 | 11 | - |
| സാമൂഹ്യക്ഷേമം | 87 | 84 | 3 |
| പട്ടികജാതി വകുപ്പ് | 54 | - | 54 |
| പട്ടിക വർഗ്ഗ വകുപ്പ് | 14 | - | 14 |
| പൊതുവിദ്യാഭ്യാസം | 15 | 15 | - |
| ആരോഗ്യം | 28 | 27 | 1 |
| നാട്ടുചികിത്സ | 19 | 21 | (2 പോസ്റ്റ് എണ്ണം) |
| റവന്യൂ | 126 | 126 | - |
| ഹോമിയോ | 36 | 36 | - |
| എംപ്ലോയ്മെന്റ് | 26 | 25 | 1 |
| ആകെ | 1302 | 1207 | 97 |

M. Radhakrishnan Nair

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 389 20-9 2007-ൽ മറുപടിക്ക്

മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ജയരാജൻ<br>ശ്രീ.സി.എം.ദിനേശ് മണി | ഡോ: റ്റി. എം. തോമസ് ഐസക്<br>ബഹു.ധനകാര്യ വകുപ്പ് മന്ത്രി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രിക്ക് വേണ്ടി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) & ബി) | സംസ്ഥാനത്ത് ചാലക്കുടി, കോതമംഗലം, നെടുമങ്ങാട്, ഒറ്റപ്പാലം, പെരിന്തൽമണ്ണ, പെരുമ്പാവൂർ, പൊന്നാനി, വടകര എന്നീ മുനിസിപ്പാലിറ്റികളിൽ മത്സ്യമാർക്കറ്റ് നവീകരിക്കുന്ന പദ്ധതികൾ സ്വീകരിച്ചുവരുന്നു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്.പ്രോജക്ടിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 102 ഗ്രാമപഞ്ചായത്തുകളിൽ 106 മാർക്കറ്റ് യാർഡുകൾ നിർമ്മിക്കുന്ന പ്രവൃത്തി 2002-2003 വർഷം ഏറ്റെടുക്കുകയുണ്ടായി. പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നിർമ്മാണ ചെലവിന്റെ 90% വരെ നബാർഡ് വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 81 എണ്ണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിൽ എത്ര മത്സ്യമാർക്കറ്റുകളാണ് നവീകരിക്കുന്നത്; | | |
| സി | ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്? | സി | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പ്രത്യേക സഹായങ്ങൾ ഒന്നും നൽകുന്നില്ല. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ചാണ് മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 390 — 20 . 9 . 2007 ൽ മറുപടിക്ക്

## റൂട്ട് ദേശസാൽക്കരണം

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. കെ. ശിവദാസൻനായർ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കെ.എസ്.ആർ.ടി.സിയുടെ നഷ്ടം നികത്തുവാൻ വേണ്ടി കൂടുതൽ റൂട്ടുകൾ ദേശസാൽക്കരിക്കുവാൻ ഉദ്ദേശമുണ്ടോ;<br>ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ; | (എ) യും (ബി) യും<br>സർവ്വീസുകൾ പരമാവധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ബസ്സുകൾ ലഭ്യമാക്കി സർവ്വീസുകൾ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് കൂടുതൽ റൂട്ടുകൾ ദേശസാൽകരിക്കുന്ന സംഗതി പരിശോധിക്കുന്നതാണ്. |
| സി) മുൻ ഗവൺമെന്റിന്റെ കാലത്ത് കോട്ടയം കുമളി റോഡ് ദേശസാൽക്കരിക്കണമെന്ന് ആവശ്യം ഉയർത്തിയിരുന്നോ;<br>ഡി) എങ്കിൽ ഈ ഗവൺമെന്റ് പ്രസ്തുത റൂട്ടിലെ പ്രൈവറ്റ് ബസ്സുകൾ ഒഴിവാക്കാതിരുന്നത് എന്തുകൊണ്ടാണ്; | (സി) യും (ഡി)യും<br>12.10.66 ലെ എസ്.ആർ. നം. 420/66 പ്രകാരം ഈ റൂട്ട് ദേശസാൽകൃതമാണ്. എന്നാൽ പല സ്വകാര്യ വാഹനങ്ങൾക്കും പെർമിറ്റുകൾ നൽകി പോന്നിരുന്നു. പ്രസ്തുത പെർമിറ്റുകൾ ഉൾപ്പെടെ 31 റൂട്ടുകളിലേത് നിയമവിധേയമാക്കുന്നതിലേക്ക് സപ്ളിമെന്റേഷൻ സ്കീം മുൻ ഗവൺമെന്റ് 9.5.2006 ൽ പ്രാഥമിക വിജ്ഞാപനംപ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. അത് അന്തിമമാകാതെ കാലഹരണപ്പെട്ടു. പ്രസ്തുത വിഷയം വിശദമായി പഠിച്ചതിനു ശേഷം 18.4.2007 വരെ നിലവിലുണ്ടായിരുന്ന പെർമിറ്റുകൾ അതേ അവസ്ഥയിൽ താൽകാലികമായി നിലനിർത്തുവാനും പുതിയ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.ക്കു മാത്രമായി വ്യവസ്ഥ ചെയ്തും കെ.എസ്.ആർ.ടി.സി. പൂർണ്ണമായി സർവ്വീസുകൾ നടത്തുവാൻ ശേഷി നേടുന്ന മുറയ്ക്ക് സ്വകാര്യ ബസ്സുകൾ ഒഴിവാക്കാനും ഉദ്ദേശിച്ചുള്ള പ്രാഥമിക വിജ്ഞാപനം 9.5.2007 ൽ പുറപ്പെടുവിച്ചു. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു. |

അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| ഇ) | ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം കോട്ടയം - കുമളി റൂട്ടിൽ പ്രൈവറ്റ് ബസ്സുകൾ ഓടിക്കുവാൻ പെർമിറ്റ് കൊടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ബസ്സുകൾക്ക് പെർമിറ്റ് നൽകി ; | ഇ) | പെർമിറ്റുകൾ നൽകുന്നത് ആർ.ടി.എ. ബോർഡാണ്. മുൻ പെർമിറ്റുകൾ പുതുക്കി നൽകുക മാത്രമേ ചെയ്തിട്ടുള്ളു എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. |
| എഫ്) | അവ എത്ര സർവ്വീസ് പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ? | എഫ്) | പ്രസക്തമല്ല |

സെക്ഷൻ ഓഫീസർ